പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4933 — 21.10.2011-ൽ മറുപടിക്ക്

## ഇ-ടെൻഡറിംഗ് സംവിധാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.എ.വാഹീദ്<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളെ മികവുറ്റതാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം; | (എ) വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മികവുറ്റതാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br><br>പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതികൾക്കായി 2011-12 സാമ്പത്തിക വർഷം വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കായി 54.10 കോടി രൂപ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഈ തുകയിൽ 10 കോടി രൂപ **KELTRON-** ൻെറ നവീകരണമുൾപ്പെടെയുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. കമ്പനികൾക്ക് അനുവദിച്ച സഹായത്തിൻെറ വിവരം ചുവടെ ചേർക്കുന്നു.<br><br>ടെക്സ്റ്റൈൽ മേഖലയുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി Kerala State Textile Corporation Limited, Texfed- ൻെറ അധീനതയിൽവരുന്ന സ്പിന്നിംഗ് മില്ലുകൾ എന്നിവയ്ക്കായി 14 കോടി രൂപയുടെ പ്രത്യേക പദ്ധതിയ്ക്ക് സർക്കാർ അംഗീകാരവും ധനസഹായവും അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br><br>മേൽപ്പറഞ്ഞവ കൂടാതെ Steel Complex Ltd, Kerala Electrical & Allied Engineering Company |

Ltd, Sitaram Textiles, Kerala Automobiles Ltd, SILK, Forest Industries Travancore Ltd, Kerala State Drugs & Pharmaceuticals Ltd, Keltron Component Complex Ltd, KSEDC എന്നീ സ്ഥാപനങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്കായും പ്രവർത്തന മൂലധനത്തിനുള്ള മാർജിൻമണിയിനത്തിലും സഹായം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

KELTRON-ന്റെ BIFR-ന് സമർപ്പിക്കുന്നതിനായുള്ള പുനരുദ്ധാരണ പാക്കേജിൽ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് കമ്പനിയുടെ അംഗീകൃത ഓഹരി മൂലധനം 200 കോടിരൂപയായി ഉയർത്തുന്നതിനും 84.37 കോടിരൂപയുടെ വായ്പകൾ ഇക്വിറ്റിയായി മാറ്റുന്നതിനുമുള്ള അനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ 82.67 കോടിരൂപയുടെ പലിശ 2015-16 വരെയുള്ള കാലയളവിലേയ്ക്ക് മരവിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഒരു ഇന്റർനെറ്റ് അധിഷ്ഠിത വെബ് പോർട്ടൽ RIAB- ൽ സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ദൈനംദിന മോണിട്ടറിംഗ് സംവിധാനം (Daily Monitoring System), മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം (Monthly Monitoring System) എന്നിവ ശക്തിപ്പെടുത്തുകയും, കമ്പനികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിക്കഴിഞ്ഞു.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ കാര്യക്ഷമത കൂട്ടുന്നതിനായുള്ള പരിശീലന പരിപാടികൾ RIAB-മുഖേനയും, കമ്പനിതലത്തിലും നടപ്പിലാക്കിവരുന്നു.

കമ്പനികളിലെ ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ

| | |
|---|---|
| | സ്ഥാപനങ്ങളുടെ നവീകരണത്തിൻെറ ഭാഗമായി അതാത് മേഖലകളിൽ Expert Committees രൂപീകരിക്കുന്നതിനുള്ള പദ്ധതികൾ പുരോഗമിച്ചുവരുന്നു. എഞ്ചിനീയറിംഗ് സെക്ടറിനായുള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മികവുറ്റതാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br><br>➢ ഇ-പ്രൊക്യൂർമെൻറ് സംവിധാനത്തിൻെറയും ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിൻെറയും നടപ്പാക്കൽ<br>➢ നിർമ്മാണം പൂർത്തീകരിച്ച പുതിയ വ്യവസായ സംരംഭങ്ങൾ പ്രവർത്തനക്ഷമമാക്കാൻ കർമ്മ പദ്ധതി.<br>➢ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയോജിച്ചുള്ള പ്രവർത്തനം<br>➢ ഡയറക്ടർ ബോർഡുകൾ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തൽ<br>➢ സ്ഥാപനങ്ങൾക്ക് വികസന ബാങ്കുകളുടെ സാമ്പത്തിക സഹായം ലഭ്യമാക്കുക<br>➢ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ മാതൃകയിൽ MoU സംവിധാനം<br>➢ Accountant General-യുമായി യോജിച്ചുകൊണ്ടുള്ള പെർഫോമൻസ് ആഡിറ്റ് സംവിധാനം. |
| (ബി) ഇതിൻെറ ഭാഗമായി ഇ-ടെൻഡറിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | (ബി) വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ മികവുറ്റതാക്കുന്നതിൻെറ ഭാഗമായി ഇ-ടെൻഡറിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ട്. |
| (സി) പൊതുമേഖലാ സ്ഥാപനങ്ങളിലെ സി.ഇ.ഒ, ഡയറക്ടർമാർ എന്നിവരെ തെരഞ്ഞെടുക്കാൻ കേരള പബ്ലിക് എൻറർപ്രൈസസ് സെലക്ഷൻ ബോർഡ് രൂപീകരിക്കുമോ? | (സി) വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ സി.ഇ.ഒ, ഡയറക്ടർമാർ എന്നിവരെ തെരഞ്ഞെടുക്കാൻ കേരള പബ്ലിക് എൻറർപ്രൈസസ് സെലക്ഷൻ ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ